(ബി) ഈ രോഗചികിത്സ കണ്ടെത്തിയ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ സസ്യ ശാസ്ത്രവിഭാഗം തലവൻ ഡോക്ടർ സി. മോഹൻകുമാറിന്റെ കണ്ടുപിടുത്തത്തിന്റെ ശാസ്ത്രീയ വശം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ ചികിത്സാരീതിയ്ക്ക് വ്യാപകമായ പ്രചരണം കർഷകരുടെ ഇടയിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ചികിത്സാരീതി ഫലപ്രദമെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി, ഡി) ഈ ചികിത്സാരീതി കാർഷികസർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിലെ തെങ്ങിൻതോട്ടങ്ങളിലും കർഷകരുടെ തോട്ടങ്ങളിലും പരീക്ഷിച്ചുനോക്കി ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ മാത്രമേ പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കാനാവൂ.

വിത്തുതേങ്ങ സംഭരണം

62 [2925] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്തുതേങ്ങ സംഭരണത്തിന് കൃഷിവകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടി, തൊട്ടിൽപ്പാലം മേഖലയിൽ നിന്നാണ് മികച്ച വിത്തുതേങ്ങ ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-2004-ൽ ഈ മേഖലയിൽനിന്നും എത്രലക്ഷം വിത്ത് തേങ്ങയാണ് ശേഖരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഓരോ സീസണിലും വിത്തുതേങ്ങ ശേഖരിക്കുന്ന സ്ഥലം മുൻകൂട്ടി തീരുമാനിക്കാറുണ്ടോ; ഉണ്ടെങ്കിൽ അടുത്ത സീസണിലെ വിത്തുതേങ്ങ ശേഖരിക്കുന്ന സ്ഥലം ഏതാണെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) കുറ്റ്യാടി മേഖലയിൽനിന്നും ഇനിമുതൽ വിത്തുതേങ്ങ ശേഖരിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(എഫ്) കൃഷി ഡയറക്ടറുടെ 7-6-04-ലെ ടി. എച്ച്. (2) 19424/04 നമ്പർ സർക്കുലർ പ്രകാരം കുറ്റ്യാടി മേഖലയിലെ വിത്തുതേങ്ങ ശേഖരണയോഗ്യമല്ല എന്ന സൂചനയിൻമേലുള്ള ജനങ്ങളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡബ്ലിയു.സി.റ്റി. ഹൈബ്രിഡ്, സെഗ്രിഗന്റ്സ്, മലയൻ എല്ലോ ഡാർഫ്, എലൈറ്റ് ഡബ്ല്യൂ, സി.റ്റി. എന്നീ ഇനങ്ങളിൽപ്പെട്ട വിത്തുതേങ്ങ സംഭരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലേയ്ക്കും ആവശ്യമുള്ളത് അതാതു ജില്ലകളിൽനിന്നും കഴിയുന്നതും സംഭരിക്കാൻ ശ്രമിക്കുന്നതാണ്. വേരുചീയൽ രോഗബാധയുള്ള സ്ഥലങ്ങളിൽ രോഗം ബാധിക്കാത്തതും കൂടുതൽ കായ്ഫലമുള്ളതും 25 വർഷത്തിനുമുകളിൽ പ്രായമുള്ളതുമായ തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നു.

(ബി) ഇതുവരെ കുറ്റ്യാടി പ്രദേശത്തുനിന്നുമാണ് കൂടുതൽ വിത്തുതേങ്ങ സംഭരിച്ചിരുന്നത്.

(സി) 2003-2004-ൽ ഈ മേഖലയിൽ നിന്നും 3.5 ലക്ഷം വിത്തുതേങ്ങ സംഭരിച്ചിരിക്കുന്നു.

(ഡി) കൂലിച്ചെലവ് കുറയ്ക്കുവാനും കാർഷിക സർവ്വകലാശാലയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും അതാതു ജില്ലകളിലേയ്ക്ക് ആവശ്യമുള്ള വിത്തു തേങ്ങ അതാതു ജില്ലകളിൽനിന്നും കഴിയുന്നതും മുൻപറഞ്ഞ മാനദണ്ഡപ്രകാരം ശേഖരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ പോരാതെവരുന്നത് കൂടുതൽ വിത്തുതേങ്ങയുള്ള സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്നു.

(ഇ) ഇല്ല. കൂമ്പുചീയൽ രോഗബാധ രൂക്ഷമായി കാണുന്ന വാണിമേൽ, നരിപ്പറ്റ എന്നീ പഞ്ചായത്തുകളേയും കാവിലംപാറ പഞ്ചായത്തിലെ കരിങ്ങാട് പ്രദേശത്തേയും വിത്തുതേങ്ങ സംഭരണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) കൂമ്പുചീയൽ രോഗബാധ രൂക്ഷമായി കാണുന്ന വാണിമേൽ, നരിപ്പറ്റ എന്നീ പഞ്ചായത്തുകളേയും കാവിലംപാറ പഞ്ചായത്തിലെ കരിങ്ങാട് പ്രദേശത്തേയും മാത്രമേ ഒഴിവാക്കിയിട്ടുള്ളു. കുറ്റ്യാടി പ്രദേശത്തെ ബാക്കിസ്ഥലങ്ങളിൽ നിന്നും വിത്തുതേങ്ങ സംഭരിക്കുന്നത് നിരോധിച്ചിട്ടില്ല.

തീറ്റപ്പുൽകൃഷി

63 [2926] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, അടൂർ പ്രകാശ്:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്കുള്ള പുല്ല് ആവശ്യാനുസരണം ലഭിക്കുന്നുണ്ടോ;

(ബി) തീറ്റപ്പുൽ വ്യാപകമായി കൃഷി ചെയ്യുവാനുദ്ദേശമുണ്ടോ;

(സി) അതിനുള്ള ധനസഹായം എത്രപേർക്ക് നൽകി;

LIBRARY ARCHIVES Kerala Legislative Assembly